സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ

23 (1555) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി ജെ. അരുന്ധതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എന്തെല്ലാം ഗവേഷണ പദ്ധതികളാണ് ഇപ്പോൾ നടക്കുന്നത് ;

(സി) സാമ്പത്തിക ശാസ്ത്രത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സി.ഡി.എസ്. ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ആഗോള സാമ്പത്തിക മാന്ദ്യം കേരള സമ്പദ് ഘടനയിലുണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് സി.ഡി.എസിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) കേരളവുമായി ബന്ധപ്പെട്ട ഏതെല്ലാം വിഷയങ്ങളിൽ സി.ഡി.എസ്. പഠനം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്). 1970-ൽ സ്ഥാപിക്കപ്പെട്ടതിനുശേഷം നൂതനവൽക്കരണങ്ങളുടെ ഒരു ശ്രേണി തന്നെ ഏറ്റെടുത്തു നടപ്പിലാക്കിപ്പോന്നിട്ടുണ്ട്. ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിൽ തുടങ്ങി, ജവഹർലാൽ നെഹ്രു സർവകലാശാലയുടെ ആഭിമുഖ്യത്തിലുള്ള ഒരു ബഹുവിഷയ എം.ഫിൽ പ്രോഗ്രാം, ജവഹർലാൽ നെഹ്രു സർവകലാശാലയുടെയും കേരള സർവകലാശാലയുടേയും കീഴിലുള്ള ഒരു പി.എച്ച്.ഡി പ്രോഗ്രാം, കൃഷി, വികേന്ദ്രീകരണം, ജനസംഖ്യാ ശാസ്ത്രം, കുടിയേറ്റം, സാമൂഹിക സുരക്ഷ എന്നിവ ഉൾപ്പെടുന്ന വികസന സംബന്ധികളായ പല മേഖലകളിലുള്ള ഗവേഷണ പരിശീലന പരിപാടികൾവഴി പ്രവർത്തനക്ഷമത കെട്ടിപ്പടുക്കൽ, വികസനാസൂത്രണ മേഖലയിൽ സർക്കാരിന്റെ വിദഗ്ദ്ധോപദേശ സമിതികളായി പ്രവർത്തിക്കൽ എന്നിവയെല്ലാം ഇവയിലുൾപ്പെടുന്നു.

(ബി) സി.ഡി.എസ്. അതിന്റെ ഫാക്കൾട്ടി അംഗങ്ങൾ മുൻകൈയെടുത്തു നടത്തുന്നതും ബാഹ്യപിന്തുണയുള്ളതുമായ വിവിധ ഗവേഷണ പദ്ധതികൾ തുടരുന്നു. ആഗോളീകരണവും വികസനവും, വ്യവസായം, സാങ്കേതികവിദ്യയും വികസനവും, കൃഷി, ജലവും പ്രകൃതിവിഭവങ്ങളും, സുസ്ഥിരവികസനം ജനസംഖ്യയും മാനവവികസനവും, ദാരിദ്ര്യവും അവശതയും സാമൂഹിക പരിരക്ഷയും, തദ്ദേശസ്വയംഭരണം, ലിംഗപദവിയും വികസനവും തുടങ്ങിയവയാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന ഗവേഷണമേഖലകൾ. തോട്ടം മേഖലയെക്കുറിച്ചുള്ള പഠനവും 2009-10-ൽ തുടങ്ങിയിട്ടുണ്ട്. കൂടാതെ നാല് വിദഗ്ദ്ധ ഗവേഷണ യൂണിറ്റുകളിൽകൂടി പഞ്ചായത്തു തലത്തിലെ ആരോഗ്യം, ആരോഗ്യ പരിരക്ഷ, നൂതന ജ്ഞാനങ്ങളെയും പ്രാദേശിക സാങ്കേതിക വിദ്യാവികസനത്തെക്കുറിച്ചും ഗവേഷണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ച് ഗവേഷണങ്ങളും പ്രാപ്തി നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്ന തദ്ദേശസ്വയംഭരണ ഗവേഷണം, രാജ്യാന്തര കുടിയേറ്റങ്ങളെ ക്കുറിച്ചുള്ള ഗവേഷണവും പരിശീലനവും തോട്ടം മേഖലയെക്കുറിച്ചുള്ള പഠനങ്ങളുമാണ് ഇപ്പോഴുള്ളത്.

(സി) സി.ഡി.എസ്സിന്റെ ഭരണസമിതി അതിന്റെ കഴിഞ്ഞ യോഗത്തിൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദ പഠനം തുടങ്ങാനുള്ള ഫാക്കൾട്ടി ശുപാർശയ്ക്ക് അംഗീകാരം നൽകി. പാഠ്യപരിപാടി തുടങ്ങുന്നതിനു മുമ്പ് സാമ്പത്തിക ശാസ്ത്രത്തിൽ കരിയർ ആഗ്രഹിക്കുന്നവരിൽ അതിന്റെ സ്വീകാര്യത ഉറപ്പാക്കുന്നതിനാവശ്യമായ സൂക്ഷ്മമായ ആലോചനയും ആസൂത്രണവും നടത്തുകയാണ്. ഈ പഠനത്തിന് ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുണ്ട്. അംഗീകാരം 2011-ൽ കിട്ടിയാൽ 2012-ൽ പഠനം തുടങ്ങും.

(ഡി) പരിശോധിച്ചു വരുന്നു.

(ഇ) കേരളത്തിനുവേണ്ടി തദ്ദേശസ്വയംഭരണം, രാജ്യാന്തര കുടിയേറ്റം, തോട്ടം മേഖലയെപ്പറ്റിയുള്ള പഠനങ്ങൾ, സംസ്ഥാന വികസനം, മാനവ വികസനം, ആരോഗ്യം, ആരോഗ്യ പരിരക്ഷ, ദരിദ്രർക്കുള്ള സാമൂഹ്യപരിരക്ഷയുടെ സാർവ്വത്രീകരണം, ആഗോളീകരണം എന്നീ വിഷയങ്ങളിൽ പഠനം നടത്താറുണ്ട്. മുഖ്യപ്രവർത്തന പരിപാടികൾക്കുപുറമേ, ദരിദ്രർക്കുള്ള സാമൂഹിക പരിരക്ഷയുടെ സാർവ്വത്രീകരണം എന്ന വിഷയത്തിൽ ഒരു ഡിപ്ലോമ പ്രോഗ്രാം, സാമൂഹിക ശാസ്ത്ര ഗവേഷണത്തിന് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനെ സംബന്ധിച്ച പരിശീലന പരിപാടി, കോളേജുകളിലെ സാമ്പത്തിക ശാസ്ത്ര അദ്ധ്യാപകരെ നൂതന ജ്ഞാനങ്ങൾ പഠിപ്പിക്കുന്ന പരിശീലന പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും, അംഗങ്ങൾക്കുമായി വെവ്വേറെ നടത്തുന്ന പരിശീലന പരിപാടി, കുടിയേറ്റ ഗവേഷണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, അന്താരാഷ്ട്ര വ്യാപാരത്തിലെ വർത്തമാനകാല വിഷയങ്ങളിൽ റിഫ്രഷർ കോഴ്സുകൾ തുടങ്ങിയ ഹ്രസ്വകാല പരിശീലന പരിപാടികൾ സെന്റർ നടത്തിവരുന്നു.

എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് ഐ.ടി.യിലൂടെ വരുമാനം

24 (1563) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ദുരിതമനുഭവിക്കുന്നവർക്ക് ഐ. ടി. യിലൂടെ വരുമാനം നേടുന്നതിന് സർക്കാർ പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly